(ബി) ഈ സംഘങ്ങൾക്ക് ഗവൺമെന്റിൽ നിന്നും നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സംഘങ്ങൾ ഏതൊക്കെയാണെന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ഇതിൽ ഓരോ സംഘങ്ങൾക്കും ഷെയർ, മാനേജീരിയൽ സബ്സിഡി, പലിശ സബ്സിഡി തുടങ്ങി ഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ഇ) ഓരോ സംഘങ്ങളിലും പ്രവർത്തിക്കുന്ന അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ പുരോഗതിക്കും വിപുലീകരണത്തിനുമായി സർക്കാർ താഴെപ്പറയുന്ന തരത്തിൽ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഓഹരി മൂലധനം
2. മാനേജീരിയൽ സബ്സിഡി
3. പലിശ സബ്സിഡി

സർക്കാർ ഓഹരി മൂലധനമായി പരമാവധി 5 ലക്ഷം രൂപയും മാനേജീരിയൽ സബ്സിഡിയായി 3 വർഷത്തേക്ക് 30000 രൂപ വീതവും പലിശ സബ്സിഡിയായി മൂന്നു വർഷത്തേക്ക് 30,000 രൂപ വീതവും നൽകി വരുന്നു.

(സി-ഇ) ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.*

മലബാർ ക്യാൻസർ ആശുപത്രി

117 (2695) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിലെ മലബാർ ക്യാൻസർ ആശുപത്രി ഏത് വകുപ്പിന്റെ കീഴിലാണ് ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഭരണസമിതിയിൽ എത്ര പേർ ഉണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏത് മാനദണ്ഡത്തിലാണ് ഇവരെ ഭരണസമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ;

(ഡി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് എത്ര കോടിയുടെ പ്ലാനാണ് അംഗീകരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിനാവശ്യമായ തുക ഏതെല്ലാം വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏത് വിധത്തിലാണ് സ്വീകരിക്കുന്നത് ;

(എഫ്) വിദേശസ്ഥാപനങ്ങൾ ഈ ആശുപത്രിക്ക് സാമ്പത്തിക സഹായം വാഗ്ദാനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആര് ; എന്ത് തുക ; വിശദമാക്കാമോ ;

(ജി) സംസ്ഥാന വൈദ്യുതി ബോർഡ് ഈ ആശുപത്രിക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയാണെന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഈ ആശുപത്രിയുടെ ബൈലായുടെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ ഊർജ്ജവകുപ്പിന്റെ നിയന്ത്രണത്തിലാണ് മലബാർ ക്യാൻസർ സെന്റർ സൊസൈറ്റി പ്രവർത്തിക്കുന്നത്.

(ബി) മലബാർ ക്യാൻസർ സെന്റർ സൊസൈറ്റിയുടെ ഭരണസമിതിയിൽ താഴെ പറയുന്ന എട്ടുപേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1.	സെക്രട്ടറി, ഊർജ്ജവകുപ്പ്	ചെയർമാൻ
2.	സെക്രട്ടറി, ആരോഗ്യവകുപ്പ്	മെമ്പർ
3.	സെക്രട്ടറി, ധനകാര്യവകുപ്പ്	മെമ്പർ
4.	പ്രസിഡന്റ്, കണ്ണൂർ ജില്ലാപഞ്ചായത്ത്	മെമ്പർ
5.	വടക്കേ മലബാറിലെ സർക്കാർ നോമിനേറ്റു ചെയ്യുന്ന ഒരു പൊതുപ്രവർത്തകൻ	
6.	മലബാർ ക്യാൻസർ സെന്ററിനു കീഴിലുള്ള റീഹാബിലിറ്റേഷൻ സൊസൈറ്റിയുടെ ഒരു പ്രതിനിധി	
7.	മലബാർ ക്യാൻസർ സെന്റർ നോമിനേറ്റു ചെയ്യുന്ന ഒരു വകുപ്പു മേധാവി	
8.	ഡയറക്ടർ, മലബാർ ക്യാൻസർ സെന്റർ	കൺവീനർ

ഇതിൽ ക്രമനമ്പർ ഒന്നു മുതൽ 4 വരെ പേർ പറയുന്നവർ മാത്രമാണ് ഇപ്പോൾ ഭരണസമിതിയിലുള്ളത്. മറ്റുള്ളവരെ നോമിനേറ്റു ചെയ്തിട്ടില്ല. ഡയറക്ടർ ചുമതല ഏൽക്കുന്നതുവരെ ഡയറക്ടറുടെ ചുമതലകൾ സൊസൈറ്റിയുടെ സ്പെഷ്യൽ ആഫീസറെ ഏല്പിച്ചിരിക്കയാണ്.

(സി) നിയമിക്കപ്പെട്ട ഭരണസമിതി അംഗങ്ങളെ അവരുടെ ഔദ്യോഗിക സ്ഥാനത്തിന്റെ അടിസ്ഥാനത്തിലാണ് സമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) 103 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഇ) അടിസ്ഥാന സൗകര്യങ്ങൾക്കും പ്രീഓപ്പറേറ്റീവ് എക്സ്പെൻസിനും വേണ്ടി വരുന്ന 5 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കാനും ബാക്കി 98 കോടിരൂപ കാനഡയിലെ വിവിധ ഏജൻസികളിൽ നിന്ന് സ്വരൂപിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കാനഡ സർക്കാർ, പ്രവിശ്യാ സർക്കാരുകൾ, എന്നിവ ഉൾപ്പെടെയുള്ള കാനഡയിലെ മറ്റു വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും ഇതിനുള്ള തുക എസ്.എൻ.സി.ലാവലിൻ എന്ന കമ്പനി സമാഹരിച്ച് അവരുടെ ചുമതലയിൽ ആശുപത്രി നിർമ്മിച്ച് നൽകാമെന്നാണ് സമ്മതിച്ചിരിക്കുന്ത്. കമ്പനി ഇതുവരെ 310 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് കരാർ നൽകിയിട്ടുള്ളത്.

(ജി) ഇല്ല.

(എച്ച്) മലബാർ ക്യാൻസർ സെന്റർ സൊസൈറ്റിയുടെ "മെമ്മോറാണ്ഡം ഓഫ് അസോസിയേഷൻ ആന്റ് റൂൾസ്" ന്റെ കോപ്പി ഇതോടൊപ്പം വച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങൾ വഴി വനിതകൾക്ക് തൊഴിൽ നൽകുന്ന പദ്ധതി

118 (2696) ശ്രീ. എം. കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങൾ വഴി വനിതകൾക്ക് തൊഴിൽ നൽകുന്ന പദ്ധതികൾ ഏതെല്ലാം നിലവിലുണ്ട് ;

(ബി) പുതുതായി എന്തെങ്കിലും പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനിതാ സഹകരണ സംഘങ്ങൾ വനിതകൾക്ക് തൊഴിൽ നൽകുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടത്തി വരുന്നു. റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണം, ബയന്റിംഗ്, പഴവർഗ്ഗ സംസ്ക്കരണം, കുട നിർമ്മാണം, കറിപൗഡർ നിർമ്മാണം, പ്രിന്റിംഗ് പ്രസ്, ബേക്കറി യൂണിറ്റ്, നെല്ലുകുത്ത്, ക്യാന്റീൻ നടത്തിപ്പ്, ബ്യൂട്ടീഷൻ കോഴ്സ് എന്നീ പദ്ധതികൾ അതിൽപ്പെടുന്നു. പശു, ആട്,കോഴി വളർത്തൽ പദ്ധതികളും നടത്തിവരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly